# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 11.06.2024**

## പ്രധാനവാർത്തകൾ

RNUTVPM

1). മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ, നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

2). തദ്ദേശ വാർഡ് വിഭജന ബിൽ പാസ്സാക്കിയതുമായി ബന്ധപ്പെട്ട് നിയമസഭയിൽ ക്രമപ്രശ്നം ഉന്നയിച്ച് പ്രതിപക്ഷം. സ്പീക്കർ റൂളിങ്ങ് പുറപ്പെടുവിച്ചു.

3). പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകി മുഖ്യമന്ത്രി പിണറായി വിജയൻ.

4). മുസ്ലിം ലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥി ഹാരിസ് ബീരാൻ ഇന്ന് നാമനിർദേശ പത്രിക സമർപ്പിച്ചു

5). നാലാം ലോകകേരള സഭയ്ക്ക് തിരുവനന്തപുരത്ത് മറ്റന്നാൾ തുടക്കം.

6). സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

7). ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും.

&&&&&&&&&&&&&&&&&&&&&&&

**<u>നിയമസഭ-അടിയന്തര പ്രമേയം</u>**

മലബാറിലെ പ്ലസ് വൺ സിറ്റ് പ്രതിസന്ധിയിൽ പ്രക്ഷുബ്ധമായി കേരളനിയമസഭ. വിഷയത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും വാക്ക് ഔട്ട് ചെയ്തു. പ്രതിപക്ഷത്ത് നിന്നും എൻ. ഷംസുദീൻ ആണ് പ്രമേയത്തിന് അനുമതി തേടിയത്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഉപരിപഠനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷം ആരോപിച്ചു. എസ് എസ് എൽ സി പാസാകുന്ന വിദ്യാർത്ഥികൾക്ക് താലൂക്ക് തലത്തിൽ പ്ലസ് വൺ സീറ്റുകൾ ഉണ്ടാകണമെന്നും ശ്രീ എൻ ഷംസുദീൻ ആവശ്യപ്പെട്ടു. എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് യാതൊരു പ്രതിസന്ധിയും മലബാർ മേഖലയിൽ ഇല്ല എന്ന് മന്ത്രി വി. ശിവൻ കുട്ടി മറുപടിയായി പറഞ്ഞു. മൂന്ന് അലോട്ട്മെന്റുകൾക്കും ശേഷം സീറ്റിൽ എന്തെങ്കിലും കുറവ് ഉണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുമെന്നും മന്ത്രി അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&&&&&

**<u>ക്രമപ്രശ്നം-നിയമസഭ</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനർ നിർണയം സംബന്ധിച്ച ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയത് സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ എ.എൻ ഷംസീർ റൂളിങ്ങ് പുറപ്പെടുവിച്ചു. അടിയന്തര ഘട്ടങ്ങളിലും, വ്യക്തമായ കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിലും കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കാതെ ബിൽ മുൻപും കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ടെന്ന് സ്പീക്കർ അറിയിച്ചു. എന്നാൽ ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെയോ, സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്കുശേഷം മാത്രം പാസ്സാക്കുന്നതാണ് ഏറ്റവും അഭികാമ്യമെന്നും സ്പീക്കർ

വ്യക്തമാക്കി. 2025-ൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ വാർഡ് വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും, അതിനാൽ ബിൽ അടിയന്തരമായി പാസ്സാക്കേണ്ട സാഹചര്യമാണ് ഉള്ളതെന്നും മന്ത്രി എം.ബി രാജേഷ് സഭയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ബില്ലിൽ സർക്കാർ അനാവശ്യ ധൃതി കാട്ടിയെന്നും, ബിൽ ഏകപക്ഷീയമായാണ് പാസാക്കിയതെന്നും ആരോപിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് വാക്ക് ഔട്ട് ചെയ്തു.

&&&&&&&&&&&&&&&&&&&&&&&

<u>പാഠ്യപദ്ധതി നിയമസഭ</u>

സ്കൂൾ വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്, മൂല്യനിർണയ പ്രക്രിയയുടെ പരിഷ്കരണം ആവശ്യമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടി. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, എം വിജിൻ എംഎൽഎയുടെ ശ്രദ്ധക്ഷണിക്കലിന് നിയമസഭയിൽ മറുപടി നൽകുകയായിരുന്നു മന്ത്രി. സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച ചില സർവേകളിൽ സംസ്ഥാനം കഴിഞ്ഞ വർഷം പിന്നാക്കം പോയതായും മന്ത്രി പറഞ്ഞു. ദേശീയ തലത്തിൽ നടപ്പാക്കിയ ഓൾ പ്രൊമോഷൻ നയം മൂല്യനിർണയ പ്രക്രിയയുടെ ഗൗരവം ചോർത്തിക്കളഞ്ഞോ എന്ന സംശയം നിലനിൽക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

RNU TVPM

&&&&&&&&&&&&&&&&&&&&&&&

<u>നിയമസഭ-പെരിയാർ</u>

പെരിയാറിൽ ഏലൂർ ഫെറി ഭാഗത്ത് കഴിഞ്ഞ മാസം മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ 3.56 കോടി രൂപയുടെ മത്സ്യനാശം ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ. നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുമെന്നും ടി.ജെ വിനോദ് എംഎൽഎയുടെ സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കി. മഴ ശക്തിപ്പെട്ടതിനെ തുടർന്ന് പാതാളം റെഗുലേറ്റർ-കം-

ബ്രിഡ്ജിന്റെ ഷട്ടർ തുറന്നപ്പോൾ, റെഗുലേറ്ററിന് മുകൾ വശത്തുനിന്ന് ഓക്സിജന്റെ അളവു കുറഞ്ഞ ജലം കൂടിയ അളവിൽ ഒഴുകിയെത്തിയതാണ് മത്സ്യനാശത്തിന് കാരണമായതെന്നാണ് പ്രാഥമിക കണ്ടെത്തൽ. പെരിയാറിന്റെ തീരത്തുനിന്നുള്ള ഫാക്ടറികളിൽ നിന്നും രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

**<u>ഷാഫി പറമ്പിൽ</u>**

ലോക് സഭാ തിരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിൽ നിന്ന് വിജയിച്ച ഷാഫി പറമ്പിൽ, എംഎൽഎ സ്ഥാനം രാജിവച്ചു. സ്പീക്കറുടെ ചേമ്പറിൽ എത്തിയാണ് അദ്ദേഹം രാജി സമർപ്പിച്ചത്. കേരള നിയമസഭയിലെ മാതൃക, പാർലമെന്റിലെ പ്രവർത്തനങ്ങൾക്ക് സഹായിക്കുമെന്ന പ്രത്യാശയും ശ്രീ. ഷാഫി പറമ്പിൽ പങ്കുവെച്ചു.

&&&&&&&&&&&&&&&&&&&&&&&

**<u>സുരേഷ്ഗോപി</u>**

മന്ത്രിസ്ഥാനം വലിയ ചുമതലയാണെന്നും തികഞ്ഞ ഉത്തരവാദിത്തത്തോടെ അത് നിറവേറ്റുമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. മന്ത്രിയായി ചുമതലയേറ്റ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വകുപ്പുകളെ കുറിച്ച് കൂടുതൽ പഠിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുമെന്ന് ശ്രീ സുരേഷ്ഗോപി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&

**<u>കൂടികാഴ്ച നടത്തി</u>**

കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യനുമായി, ബിജെപി നേതാവും മുൻ മന്ത്രിയുമായ വി.മുരളീധരൻ കൂടിക്കാഴ്ച നടത്തി. മുതലപ്പൊഴി ഹാർബറിലെ പ്രശ്നങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ ഇടപെടണമെന്ന് ആവശ്യപ്പെട്ടായിരുന്നു കൂടിക്കാഴ്ച. തിരുവനന്തപുരത്തെ ആദ്യ സന്ദർശനവേളയിൽ തന്നെ മുതലപ്പൊഴിയിൽ

സന്ദർശനം നടത്തുമെന്ന് മന്ത്രി ഉറപ്പ് നൽകിയതായി ശ്രീ വി.മുരളീധരൻ പറഞ്ഞു. കേരളത്തിൽ നിന്നുള്ള കേന്ദ്ര സഹമന്ത്രിമാരായ ശ്രീ ജോർജ് കുര്യനും, ശ്രീ സുരേഷ് ഗോപിയും ഇന്ന് രാവിലെയാണ് ഔദ്യോഗികമായി ചുമതലയേറ്റത്.

&&&&&&&&&&&&&&&&&&&&&&&

<u>നാമനിർദേശ പത്രിക സമർപ്പിച്ചു.</u>

മുസ്ലിം ലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥി ഹാരിസ് ബീരാൻ നാമനിർദേശ പത്രിക സമർപ്പിച്ചു. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, മുസ്ലിം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവരുടെ ഒപ്പമെത്തിയാണ് നിയമസഭാ സെക്രട്ടറി മുൻപാകെ പത്രിക സമർപ്പിച്ചത്. രാജ്യസഭയിലേക്കുള്ള എൽ.ഡി.എഫിൻറെ രണ്ട് സീറ്റുകളിൽ, സിപിഐ സ്ഥാനാർത്ഥിയായി പി.പി സുനീറിനെയും, കേരള കോൺഗ്രസ് എം സ്ഥാനാർത്ഥിയായി ജോസ് കെ മാണിയെയുമാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&&&&&&&&&&&

<u>ലോകകേരള സഭ</u>

നാലാം ലോകകേരള സഭ മറ്റന്നാൾ ആരംഭിക്കും. വൈകുന്നേരം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന പൊതുയോഗത്തോടെയാണ് പരിപാടികൾക്ക് തുടക്കമാവുക. ഈ മാസം 15 വരെ നടക്കുന്ന പരിപാടിയിൽ 103 രാജ്യങ്ങളിൽ നിന്നും 25 സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രവാസി കേരളീയ പ്രതിനിധികൾ പങ്കെടുക്കും. അതേസമയം ലോകകേരള സഭയുടെ ഉദ്ഘാടകനാകാനുള്ള സംസ്ഥാന സർക്കാരിൻറെ ക്ഷണം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തള്ളി. പരിപാടിയിലേക്ക് ക്ഷണിക്കാൻ എത്തിയ ചീഫ് സെക്രട്ടറിയോട് സംസ്ഥാന സർക്കാരിൻറെ നടപടികളോടുള്ള കടുത്ത അതൃപ്തി ഗവർണർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

<u>എ ഐ ക്യാമറകൾ-ഹൈക്കോടതി</u>

സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ എ ഐ ക്യാമറകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് കെൽട്രോണിന് ലഭിക്കാനുള്ള തുകയുടെ മൂന്നും നാലും ഗഡുക്കൾ കൂടി അനുവദിക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകി. എന്നാൽ അനുവദിച്ച പണം വിനിയോഗിക്കരുതെന്നും കോടതി നിർദ്ദേശിച്ചു. തുകയുടെ ഒന്നും രണ്ടും ഗഡുക്കൾ മുൻപ് തന്നെ അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ കാസർകോഡ് വരെയുള്ള 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരള, കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വ്യാഴാഴ്ച വരെ വിലക്കുണ്ട്.

&&&&&&&&&&&&&&&&&&&&&&&

## പകർച്ചപ്പനി -ആരോഗ്യമന്ത്രി

സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ച പനികൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ- എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ പിടിപെട്ടാൽ കൃത്യമായ ചികിത്സ നൽകണമെന്നും സ്വയം ചികിത്സ പാടില്ലെന്നും മന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&&&&&&

## മാർച്ചിൽ സംഘർഷം.

ബാർകോഴ കേസിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് നടത്തിയ നിയമസഭാ മാർച്ചിൽ സംഘർഷം. യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിന്റെ നേതൃത്വത്തിൽ

RNU TVPM

ആരംഭിച്ച മാർച്ച് പോലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞു. ബാരിക്കേഡുകൾ തകർക്കാൻ ശ്രമിച്ച പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് മൂന്ന് തവണ ജലപീരങ്കി പ്രയോഗിച്ചു. സംഘർഷത്തിൽ മൂന്ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&&&&&&&&

__ട്വൻറി-20__

ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. കഴിഞ്ഞ രണ്ടു മത്സരങ്ങൾ പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരം നിർണ്ണായകമാണ്.

&&&&&&&&&&&&&&&&&&&&&&&

__ഫിഫ__

2026 ലെ ഫിഫ ലോകകപ്പിലേക്കുള്ള യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് ഖത്തറിനെ നേരിടും. ദോഹയിൽ രാത്രി 9:15 നാണ് മത്സരം. യോഗ്യതാ മത്സരത്തിൻറെ മൂന്നാം റൗണ്ടിലേക്ക് കടക്കാൻ, ഇന്ത്യയ്ക്ക് ഗ്രൂപ്പ് എയിലെ ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന് ഉറപ്പിക്കണം എന്നതിനാൽ ഇന്നത്തെ മത്സരം നിർണായകമാണ്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&

__ഓഹരി + സ്വർണ്ണം__

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 34 പോയിൻ്റ് താഴ്ന്ന് 76,457 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 6 പോയിൻ്റ് നഷ്ടത്തിൽ 23,265 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വിലയിൽ വർധന. പവന് 120 രൂപ വർദ്ധിച്ച് 52,680 രൂപയും ഗ്രാമിന് 15 രൂപ കൂടി 6,585 മാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&

**കോഴിക്കോട് മെഡിക്കൽ കോളെജ്**

കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രസവ ശസ്ത്രക്രിയക്കിടെ മെഡിക്കൽ ഉപകരണം വയറ്റിൽ കുടുങ്ങിയ സംഭവവുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് ജാമ്യം. കുന്ദമംഗലം കോടതിയാണ് 3 ആരോഗ്യ പ്രവർത്തകർക്ക് ഇന്ന് ജാമ്യം അനുവദിച്ചത്.

&&&&&&&&&&&&&&&&&&&&&&&

**ഇടുക്കി - മണ്ണിടിച്ചിൽ**

ഇടുക്കി അടിമാലി പതിനാലാം മൈലിന് സമീപം മണ്ണിടിഞ്ഞ് രണ്ട് പേർക്ക് പരിക്ക്. ദേശീയപാത നിർമ്മാണപ്രവർത്തികളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളാണ് അപടത്തിൽപ്പെട്ടത്.

&&&&&&&&&&&&&&&&&&&&&&&

**കാൻ ചലച്ചിത്രമേള- ആദരം**

കാൻ ചലച്ചിത്ര മേളയിൽ ബഹുമതി നേടിയ ചലച്ചിത്ര താരങ്ങളെ സംസ്ഥാന സർക്കാർ ആദരിക്കും. ഛായാഗ്രാഹകൻ സന്തോഷ് ശിവൻ, അഭിനേതാക്കളായ കനി കുസൃതി, ദിവ്യ പ്രഭ, ഹൃദു ഹാറൂൺ, അസീസ് നെടുമങ്ങാട് എന്നിവരെ മറ്റന്നാൾ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ആദരിക്കുന്നത്.

RAJU TVPM

&&&&&&&&&&&&&&&&&&&&&&&

**വെള്ളായണി**

സംസ്ഥാന സർക്കാരിൻറെ സിനിമാ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട കിരീടം പാലത്തിൻറെ നവീകരണം ഉടൻ ആരംഭിക്കുമെന്ന് ടൂറിസം വകുപ്പ് അറിയിച്ചു. സിനിമാ ടൂറിസത്തിന് അനുസൃതമായി പാലത്തെ ആകർഷകമായ ടൂറിസം ഉത്പന്നമാക്കി മാറ്റുന്ന പദ്ധതിയാണ് വെള്ളായണിയിൽ നടപ്പിലാക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&